©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
ചൊവ്വ
Thiruvananthapuram,
Tuesday

2025 സെപ്റ്റംബർ 30
30th September 2025
1201 കന്നി 14
14th Kanni 1201
1947 ആശ്വിനം 8
8th Aswina 1947

നമ്പർ
No.
3491

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

വിജ്ഞാപനം

നം. KLS/8032/2025-Legin1. തീയതി, തിരുവനന്തപുരം 2025 സെപ്റ്റംബർ 30

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 69(5) പ്രകാരം 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ, ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തോടും ധനകാര്യ മെമ്മോറാണ്ടത്തോടും കൂടി പ്രസിദ്ധപ്പെടുത്തുന്നു.

ഡോ. എൻ. കൃഷ്ണ കുമാർ
സെക്രട്ടറി.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ. 281

2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ

1971-ലെ കേരള കാർഷിക സർവ്വകലാശാല ആക്ടും 1974-ലെ കേരള സർവ്വകലാശാല ആക്ടും 1975-ലെ കാലിക്കറ്റ് സർവ്വകലാശാല ആക്ടും 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ടും 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്ടും 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്ടും 2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്ടും 2010-ലെആരോഗ്യശാസ്ത്ര സർവ്വകലാശാല ആക്ടും വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.-കേരള കാർഷിക സർവ്വകലാശാല ആക്ടും (1971-ലെ 33), 1974-ലെ കേരള സർവ്വകലാശാല ആക്ടും (1974-ലെ 17) 1975-ലെ കാലിക്കറ്റ് സർവ്വകലാശാല ആക്ടും (1975-ലെ 5) 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ടും (1985-ലെ 12) 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്ടും (1994-ലെ 5) 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്ടും (1996-ലെ 22) 2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്ടും (2011-ലെ 3) 2010-ലെ ആരോഗ്യശാസ്ത്ര സർവ്വകലാശാല ആക്ടും (2011-ലെ 4) ഇനിപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:-

1. ചുരുക്കപ്പേരും പ്രാരംഭവും.-(1) ഈ ആക്ടിന് 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ആക്ട് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 1971-ലെ 33-ാം ആക്ടിനുള്ള ഭേദഗതി.- 1971-ലെ കേരള കാർഷിക സർവ്വകലാശാല ആക്ടിൽ (1971-ലെ 33), 16-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:-

"16എ. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ യോഗം.-എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ഒരു യോഗം ഏറ്റവും കുറഞ്ഞത് രണ്ടു മാസത്തിൽ ഒരിക്കലെങ്കിലും വൈസ്-ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്:

എന്നാൽ, അതിന്റെ ആകെയുള്ള അംഗങ്ങളിൽ മൂന്നിലൊന്ന് അംഗങ്ങൾ രേഖാമൂലം അഭ്യർത്ഥിക്കുന്ന പക്ഷം ഏഴു ദിവസത്തിനുള്ളിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ഒരു യോഗം വൈസ്-ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്.".

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

3. 1974-ലെ 17-ാം ആക്ടിനുള്ള ഭേദഗതി.-1974-ലെ കേരള സർവ്വകലാശാല ആക്ടിൽ (1974-ലെ 17), 23എ വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:-

"23ബി. സിൻഡിക്കേറ്റിന്റെ യോഗം.- സിൻഡിക്കേറ്റിന്റെ ഒരു യോഗം ഏറ്റവും കുറഞ്ഞത് രണ്ടു മാസത്തിൽ ഒരിക്കലെങ്കിലും വൈസ്-ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്:

എന്നാൽ, അതിന്റെ ആകെയുള്ള അംഗങ്ങളിൽ മൂന്നിലൊന്ന് അംഗങ്ങൾ രേഖാമൂലം അഭ്യർത്ഥിക്കുന്ന പക്ഷം ഏഴു ദിവസത്തിനുള്ളിൽ സിൻഡിക്കേറ്റിന്റെ ഒരു യോഗം വൈസ്-ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്.".

4. 1975-ലെ 5-ാം ആക്ടിനുള്ള ഭേദഗതി.- 1975-ലെ കാലിക്കറ്റ് സർവ്വകലാശാല ആക്ടിൽ (1975-ലെ 5), 23എ വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:-

"23ബി. സിൻഡിക്കേറ്റിന്റെ യോഗം.-സിൻഡിക്കേറ്റിന്റെ ഒരു യോഗം ഏറ്റവും കുറഞ്ഞത് രണ്ടു മാസത്തിൽ ഒരിക്കലെങ്കിലും വൈസ് ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്:

എന്നാൽ, അതിന്റെ ആകെയുള്ള അംഗങ്ങളിൽ മൂന്നിലൊന്ന് അംഗങ്ങൾ രേഖാമൂലം അഭ്യർത്ഥിക്കുന്ന പക്ഷം ഏഴു ദിവസത്തിനുള്ളിൽ സിൻഡിക്കേറ്റിന്റെ ഒരു യോഗം വൈസ്-ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്.".

5. 1985-ലെ 12-ാം ആക്ടിനുള്ള ഭേദഗതി.- 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ടിൽ (1985-ലെ 12), 23-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:-

"23എ. സിൻഡിക്കേറ്റിന്റെ യോഗം.-സിൻഡിക്കേറ്റിന്റെ ഒരു യോഗം ഏറ്റവും കുറഞ്ഞത് രണ്ടു മാസത്തിൽ ഒരിക്കലെങ്കിലും വൈസ്-ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്:

എന്നാൽ, അതിന്റെ ആകെയുള്ള അംഗങ്ങളിൽ മൂന്നിലൊന്ന് അംഗങ്ങൾ രേഖാമൂലം അഭ്യർത്ഥിക്കുന്ന പക്ഷം ഏഴു ദിവസത്തിനുള്ളിൽ സിൻഡിക്കേറ്റിന്റെ ഒരു യോഗം വൈസ്-ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്.".

6. 1994-ലെ 5-ാം ആക്ടിനുള്ള ഭേദഗതി.- 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്ടിൽ (1994-ലെ 5), 15-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:-

"എന്നാൽ, അതിന്റെ ആകെയുള്ള അംഗങ്ങളിൽ മൂന്നിലൊന്ന് അംഗങ്ങൾ രേഖാമൂലം അഭ്യർത്ഥിക്കുന്ന പക്ഷം ഏഴു ദിവസത്തിനുള്ളിൽ സിൻഡിക്കേറ്റിന്റെ ഒരു യോഗം വൈസ്-ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്.".

7. 1996-ലെ 22-ാം ആക്ടിനുള്ള ഭേദഗതി.- 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്ടിൽ (1996-ലെ 22), 25-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:-

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

"25എ. സിൻഡിക്കേറ്റിന്റെ യോഗം.–സിൻഡിക്കേറ്റിന്റെ ഒരു യോഗം ഏറ്റവും കുറഞ്ഞത് രണ്ടു മാസത്തിൽ ഒരിക്കലെങ്കിലും വൈസ്–ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്:

എന്നാൽ, അതിന്റെ ആകെയുള്ള അംഗങ്ങളിൽ മൂന്നിലൊന്ന് അംഗങ്ങൾ രേഖാമൂലം അഭ്യർത്ഥിക്കുന്ന പക്ഷം ഏഴു ദിവസത്തിനുള്ളിൽ സിൻഡിക്കേറ്റിന്റെ ഒരു യോഗം വൈസ്–ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്.".

8. 2011–ലെ 3–ാം ആക്ടിനുള്ള ഭേദഗതി.– 2010–ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്ടിൽ (2011–ലെ 3),–

(i) 25–ാം വകുപ്പിൽ, (2)–ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്;

(ii) 26–ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:–

"26എ. ബോർഡ് ഓഫ് മാനേജ്മെന്റിന്റെ യോഗം.–ബോർഡ് ഓഫ് മാനേജ്മെന്റിന്റെ ഒരു യോഗം ഏറ്റവും കുറഞ്ഞത് രണ്ടു മാസത്തിൽ ഒരിക്കലെങ്കിലും വൈസ്–ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്:

എന്നാൽ, അതിന്റെ ആകെയുള്ള അംഗങ്ങളിൽ മൂന്നിലൊന്ന് അംഗങ്ങൾ രേഖാമൂലം അഭ്യർത്ഥിക്കുന്ന പക്ഷം ഏഴു ദിവസത്തിനുള്ളിൽ ബോർഡ് ഓഫ് മാനേജ്മെന്റിന്റെ ഒരു യോഗം വൈസ്–ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്.".

9. 2011–ലെ 4–ാം ആക്ടിനുള്ള ഭേദഗതി.– 2010–ലെ കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല ആക്ടിൽ (2011–ലെ 4), 23–ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:–

"23എ. ഗവേണിംഗ് കൗൺസിലിന്റെ യോഗം.–ഗവേണിംഗ് കൗൺസിലിന്റെ ഒരു യോഗം ഏറ്റവും കുറഞ്ഞത് രണ്ടു മാസത്തിൽ ഒരിക്കലെങ്കിലും വൈസ്–ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്:

എന്നാൽ, അതിന്റെ ആകെയുള്ള അംഗങ്ങളിൽ മൂന്നിലൊന്ന് അംഗങ്ങൾ രേഖാമൂലം അഭ്യർത്ഥിക്കുന്ന പക്ഷം ഏഴു ദിവസത്തിനുള്ളിൽ ഗവേണിംഗ് കൗൺസിലിന്റെ ഒരു യോഗം വൈസ്–ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്.".

ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1971–ലെ കേരള കാർഷിക സർവ്വകലാശാല ആക്ട് (1971–ലെ 33), 1974–ലെ കേരള സർവ്വകലാശാല ആക്ട് (1974–ലെ 17), 1975–ലെ കാലിക്കറ്റ് സർവ്വകലാശാല ആക്ട് (1975–ലെ 5), 1985–ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് (1985–ലെ 12), 1994–ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്ട് (1994–ലെ 5), 1996–ലെ കണ്ണൂർ സർവ്വകലാശാല ആക്ട് (1996–ലെ 22), 2010–ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്ട് (2011–ലെ 3), 2011–ലെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ആരോഗ്യശാസ്ത്ര സർവ്വകലാശാല ആക്ട്സ് (2011-ലെ 4) എന്നിവയിൽ, അതതുസംഗതിപോലെ, എക്സിക്യൂട്ടീവ് കമ്മിറ്റി/ സിൻഡിക്കേറ്റ്/ബോർഡ് ഓഫ് മാനേജ്മെന്റ്/ഗവേണിംഗ് കൗൺസിൽ എന്നിവയിലെ ആകെയുള്ള അംഗങ്ങളിൽ മൂന്നിലൊന്ന് അംഗങ്ങൾ രേഖാമൂലം അഭ്യർത്ഥിക്കുന്ന പക്ഷം അതിന്റെ ഒരു യോഗം വിളിച്ചുചേർക്കുന്നതിന് വൈസ്-ചാൻസലറെ അധികാരപ്പെടുത്തികൊണ്ടുള്ള ഒരു പുതിയ വ്യവസ്ഥ, ഉൾപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചു.

2. മേല്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധികചെലവും ഉണ്ടാകുന്നതല്ല.

ഡോ. ആർ. ബിന്ദു.

// ശരിത്തർജ്ജമ //

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.10.03 12:15:44 +05:30